പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **1352** 13.12.2012-ൽ മറുപടിയ്ക്ക്

## ഇ- സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ ;<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇ- സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഇ- സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.<br>1) വ്യാജ മുദ്രപ്പത്രങ്ങൾ തടയാൻ സാധിക്കും.<br>2) ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.<br>3) ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ സാധിക്കും |
| (ബി) മുദ്രപത്ര വിതരണത്തിലെ അപാകതകളും തട്ടിപ്പുകളും തടയാൻ എന്തെല്ലാം സംവിധാനമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 1) ഇ- സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ, തിരിമറികൾക്ക് സാധ്യതയില്ല.<br>2) സ്റ്റാമ്പ് വിതരണ നാൾ വഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ, തിരുത്തലുകൾക്ക് സാധ്യതയില്ല. |
| (സി)ഏതെല്ലാം ഏജൻസികളുടെ സഹായ-ത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ? | (സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ. ഐ.സി) സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ